
FOUNDATION STONE CEREMONY
of
" Administrative Building
cum Workshop"

Mathrubhumi
മാതൃഭൂമി

# എൻ.എസ്.ടി.ഐ.യിൽ 15 കോടിയുടെ പദ്ധതികൾക്ക് തുടക്കമായി

**കോഴിക്കോട്** ► ഗോവിന്ദപുരത്തെ നാഷണൽ സ്കിൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ(എൻ.എസ്.ടി.ഐ.) 15 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് തുടക്കമായി.

ലബോറട്ടറികൾ, സ്മാർട്ട് ക്ലാസ് റൂമുകൾ, വർക്ക്ഷോപ്പുകൾ എന്നിവയടങ്ങിയ 22,000 ചതുരശ്രയടിയിൽ നിർമിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം കേന്ദ്ര നൈപുണി വികസന സംരംഭകത്വ മന്ത്രാലയം ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടർ ജനറൽ എൻ.ആർ. അരവിന്ദൻ നിർവഹിച്ചു.



നാഷണൽ സ്കിൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിലെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം കേന്ദ്ര നൈപുണി വികസന സംരംഭകത്വ മന്ത്രാലയം ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടർ ജനറൽ എൻ.ആർ. അരവിന്ദൻ നിർവഹിക്കുന്നു

കേരള-ലക്ഷദ്വീപ് റീജണൽ ഡയറക്ടർ സി. യുവരാജ് ചടങ്ങ് ഉദ്ഘാടനം ചെയ്തു.

എൻ.എസ്.ടി.ഐ. പ്രിൻസിപ്പൽ രമേഷ് ബാബു, സി.പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എൻജിനിയർ എൻ.കെ. ജോസ്, എ.ആർ. വിനോദ്, എം.പി. രാജൻ, കെ. ഷൗക്കത്ത് ഹുസൈൻ, ടി.സി. ശാന്തിലാലാൽ, യു.എം. പ്രസാദ്, ബി.കെ. ബിജോയ് എന്നിവർ പ്രസംഗിച്ചു.